# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5872  04.11.2016 ൽ മറുപടിക്ക്**

**റോഡുകളുടെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെറോഡുകളുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിലുള്ള റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി റോഡുകളിൽ, പല സ്ഥലങ്ങളിലും നിരന്തരമായി സംഭവിക്കുന്ന കേടുപാടുകൾ ഒഴിവാക്കുന്നതിനും, റോഡുകളുടെ വീതികൂട്ടൽ, ബി എം & ബി സി ഉപയോഗിച്ച് ഉപരിതലം പുതുക്കൽ, ഓട, കലുങ്ക് എന്നിവയുടെ നിർമ്മാണം, നടപ്പാത, സംരക്ഷണ ഭിത്തി നിർമ്മാണം, എന്നിവ ആവശ്യമാണ്. ഇത്തരം റോഡുകളുടെ നവീകരണത്തിനായി ജനറൽ സ്റ്റഡി നടത്തുകയും അത് പ്രകാരം സംസ്ഥാനത്ത് 2100 കി മീ ദൈർഘ്യമുള്ള റോഡുകൾക്ക് ഏകദേശം 2800 കോടി രൂപ ചിലവ് വരുന്ന പുനർനിർമ്മാണം ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.<br>സംസ്ഥാന ദേശീയപാതകളുടെ വികസനം കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൻ എച്ച് 17ഉം, എൻ എച്ച് 47ഉം സർവീസ് റോഡോടുകൂടിയ നാലുവരിപ്പാതയായും മറ്റ് ദേശീയപാതകളായ എൻ എച്ച് 49, എൻ എച്ച് 208, എൻ എച്ച് 212, എൻ എച്ച് 213, എൻ എച്ച് 220, എൻ എച്ച് 183A, എൻ എച്ച് 185 |

എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായും വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ എൻ.എച്ച് 17ഉം, എൻ.എച്ച് 47ഉം വികസിപ്പിക്കു ന്നതിനായി NHAI യെ ആണ് ഏൽപിച്ചി രിക്കുന്നത്. മറ്റ് ദേശീയപാതകളുടെ വികസനം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് നടപ്പിലാക്കുന്നത്.

ഇതിനായുള്ള വിശദമായ ഡി പി ആർ തയ്യാറാക്കി വരുന്നു.

കെ ആർ എഫ് ബി യുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിൽ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും മേജർ ജില്ലാ റോഡുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി മീ റോഡുകളുടെ സമഗ്ര വികസനത്തിനായി രൂപീകരിച്ച "സംസ്ഥാന റോഡ് വികസന പദ്ധതി" (SRIP) യാണ് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി നടപ്പിൽ വരുത്തുന്നത്. റിഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് വിഭാഗങ്ങളിലായിട്ടാണ് റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയുടെ റിഹാബിലിറ്റേഷൻ പാക്കേജിൻ കീഴിൽ ഒരു പൈലറ്റ് പ്രോജക്ടായി 83 കി മീ ദൈർഘ്യം വരുന്ന 4 റോഡുകളുടെ 2 പാക്കേജുകളായി പാക്കേജ് എ യും (കാസർഗോഡ് ജില്ല ) പാക്കേജ് ബി യും (കോട്ടയം, തിരുവനന്തപുരം ജില്ല) നവീകരണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പി പി പി ആന്വിറ്റി) രീതിയിൽ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | നിലവിൽ തകർന്നു കിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി ഉടൻ പൂർത്തിയാക്കുമോ; ആയതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | ബി) | നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കഴിഞ്ഞ സെപ്തംബർ മാസം ഏകദേശം **6400** കി മീ ദൈർഘ്യം വരുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനായി **1579** പ്രവൃത്തികൾക്ക് **151.72** കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികളുടെ നിർവ്വഹണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതകൾ പൊതുവേ സഞ്ചാര യോഗ്യമാണ്. ദേശീയപാതകളിൽ കുഴികൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ അറ്റകുറ്റപണികൾ നടത്തി ഗതാഗതയോഗ്യമാക്കി നിലനിർത്തി വരുന്നുണ്ട്. |
| സി) | റോഡുവികസനത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) | റോഡ് വികസനത്തിന് ആവശ്യമായി വരുന്ന **10** കോടി രൂപയോ അതിൽ കൂടുതലോ ചെലവു വരുന്ന പദ്ധതികൾക്കായി ഫണ്ട് സമാഹരിക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുവഴി റോഡ് പ്രവൃത്തികൾ ഏറ്റെടുത്തു നടത്താനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. |
| ഡി) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി-ഇരിങ്ങണ്ണൂർ റോഡിന്റെ ടെണ്ടർ ആയിട്ടും പണി പുരോഗമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ? | ഡി) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി-ഇരിങ്ങണ്ണൂർ റോഡിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ നിലവിലുള്ളതിനാലാണ് റോഡു പ്രവൃത്തി പുരോഗതിയിൽ തടസ്സം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ